**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 928** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകി നിലവിൽ വകുപ്പ് നടപ്പിലാക്കി വരുന്ന സാമൂഹ്യ പഠനമുറിക്ക് പുറമെ വ്യക്തിഗത ആനുകൂല്യങ്ങളിൽ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് പഠനമുറികൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ സുവർണ ജൂബിലിയുടെ ഭാഗമായി വിവിധ വികസന മാതൃകകൾ പരിചയപ്പെടുന്നതിനും നവീന കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനും ഒരു ഇന്റർനാഷണൽ കോൺക്ലേവ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കഴിഞ്ഞ 50 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ടാസ്ക്ഫോഴ്സ് റിപ്പോർട്ട് പ്രകാരമുള്ള നിർദേശങ്ങൾ നടപ്പിലാക്കുന്നതാണ്. വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ഗോത്രസംസ്കാരത്തിന്റേയും കലകളുടേയും ഗോത്ര ഭാഷകളുടേയും സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഗോത്രസംസ്കാരത്തിന്റേയും കലകളുടേയും ഗോത്ര ഭാഷകളുടേയും സംരക്ഷണത്തിനായി ഗദ്ദിക 2025 പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പുകളുടെയും കിർടാഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ എറണാകുളത്ത് സംഘടിപ്പിക്കുകയും ഇതിൽ ഗോത്രസംസ്കാരത്തിന്റെ വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർത്തിട്ടുണ്ട്. |
| (സി) | ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണവും സംവേദന രീതികളും മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ഓഡിയോ/വീഡിയോ ഡോക്യുമെന്റേഷൻ നടത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണങ്ങളും സംവേദനരീതികളും മനസിലാക്കാൻ കഴിയുക എന്ന പ്രത്യേക ഉദ്ദേശത്തിൽ വകുപ്പ് ഓഡിയോ/വീഡിയോ ഡോക്യുമെന്റേഷൻ നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | എന്നാൽ മറ്റു പദ്ധതികളുടെ ഭാഗമായി നടത്തിയ ഓഡിയോ വീഡിയോകൾ കിർടാഡ്സ് വകുപ്പിൽ ലഭ്യമാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ആവശ്യകത തിരിച്ചറിയുകയും അതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പണിയർ, കൊറഗർ, കുറുമ്പർ, ചോലനായ്ക്കർ, കാടർ, മലൈപണ്ടാരം എന്നീ ഗോത്രവിഭാഗങ്ങൾക്കു വേണ്ടി പ്രൈമറുകൾ പ്രസിദ്ധീകരിക്കുവാനുള്ള നിലവിലെ പദ്ധതിയുടെ ഭാഗമായി ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണങ്ങളും സംവേദനരീതികളും മനസിലാക്കാൻ സാധിക്കുന്ന തരത്തിൽ ഓഡിയോ/വീഡിയോ ഡോക്യുമെന്റേഷൻ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണങ്ങളും സവേദനരീതികളും മനസ്സിലാക്കുന്നതിനായി പണിയഭാഷ-ഓൺലൈൻ കോഴ്സ്, ഗോത്രഭാഷാ പരിചയ ലാബ്, ഗോത്രഭാഷകളുടെ കമ്പ്യൂട്ടർവൽക്കരണം എന്നീ പദ്ധതികൾ കിർടാഡ്സ് വകുപ്പ് മുഖേന ഭാവിയിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

സമഗ്രമായ പട്ടികവർഗ വികസന ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 50 വർഷങ്ങൾ തികയുന്ന വേളയിൽ സുവർണ ജൂബിലി ആഘോഷങ്ങളുടെ ആസൂത്രണവും നടത്തിപ്പും സംബന്ധിച്ച് രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ചുവടെ പറയുന്ന വിഷയങ്ങൾക്ക് സർക്കാർ അനുമതിയോടു കൂടി മുൻഗണന നൽകി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

1. സുവർണ്ണ ജൂബിലി വർഷത്തിൽ, എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഭൂമി ഉറപ്പാക്കി ഭൂരഹിത പട്ടികവർഗ്ഗ വിഭാഗക്കാർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക.
2. ഫോറസ്റ്റ് വില്ലേജുകൾ റവന്യൂ വില്ലേജ് ആക്കി സമയബന്ധിതമായി പരിവർത്തനം ചെയ്യൽ, വനാവകാശപ്രകാരം നൽകിയ സ്ഥലത്തിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ പൂർത്തിയാക്കൽ.
3. എല്ലാ ഉന്നതികളിലും റോഡ്, കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ്, ശ്മശാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ - പുതിയ പദ്ധതി പ്രഖ്യാപനം
4. എല്ലാ പട്ടികവർഗ്ഗക്കാർക്കും അടിസ്ഥാന രേഖകൾ ഉറപ്പാക്കുന്ന ABCD പദ്ധതിയുടെ പൂർത്തീകരണം.
5. പട്ടികവർഗ്ഗ വിഭാഗക്കാരിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രഖ്യാപനം
6. സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ ദുരന്തസാധ്യതയുള്ള പട്ടികവർഗ്ഗ ഉന്നതികളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ.
7. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാരേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ സംരക്ഷണം ഉറപ്പാക്കൽ - രാജ്യത്തെ ആദ്യ സംസ്ഥാന പ്രഖ്യാപനം.
8. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും സിക്കിൾസെൽ അനീമിയ സ്ക്രീനിംഗ് ടെസ്റ്റ്, കൗൺസിലിംഗ് എന്നിവ നടത്തി ആരോഗ്യപരിപാലനം ഉറപ്പുവരുത്തൽ. ചികിത്സ ഏകോപനത്തിനും രോഗബാധിതരെ സഹായിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കൽ.
9. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമ്പൂർണ്ണ എൻറോൾമെന്റ് ഉറപ്പുവരുത്തൽ, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ.
10. സാമൂഹ്യ പഠനമുറിക്ക് പുറമേ വിദ്യാർത്ഥികൾക്ക് 2.5 ലക്ഷം രൂപ ചെലവഴിക്കുന്ന സ്മാർട്ട് പഠന മുറി പുതിയ പദ്ധതി പ്രഖ്യാപനം.
11. ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയാസ് പദ്ധതി ആവശ്യമായ മറ്റ് മേഖലകളിലേയ്ക്കും വ്യാപിപ്പിക്കൽ.
12. കാറ്റാടി പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കൽ

13. 5,000 പട്ടികവിഭാഗ യുവതയ്ക്ക് സ്ഥിര വരുമാനമുള്ള തൊഴിൽ ലഭ്യമാക്കുന്ന ഉന്നതി വിജ്ഞാന തൊഴിൽ ഹബ്ബ് മിഷൻ പ്രവർത്തനം.

14. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 100 തൊഴിൽ ദിനങ്ങൾ നൽകുന്നതിന് പുറമെ, സംസ്ഥാന സർക്കാർ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ, അതത് പട്ടികവർഗ്ഗ മേഖലകളിലെ പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ, മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ, മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കൽ.

15. പട്ടികവർഗ്ഗ മേഖലയിലെ ഫാമിംഗ് സൊസൈറ്റി/കോർപ്പറേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അപെക്സ് സംഘം രൂപീകരിച്ച് ഏകോപിപ്പിക്കുക.

16. ഫാമിംഗ് സൊസൈറ്റികളിലെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ആവശ്യകത സൃഷ്ടിക്കാനും അതുവഴി കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാനും അപെക്സ് സംഘം വഴി വിപണനം ശക്തിപ്പെടുത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും മുൻഗണന നൽകും.

17. RIDF/KIIFB പദ്ധതിപ്രകാരം ആറളം ഫാമിൽ നിർമ്മാണം പൂർത്തീകരിച്ച സ്കൂൾ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക, ഫിഷറീസ്, വെറ്ററിനറി സർവ്വകലാശാലകളുടെ ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടുത്തിയുള്ള സുവർണ ജൂബിലി ട്രെയിനിംഗ് കേന്ദ്രം ആരംഭിക്കാൻ ലക്ഷ്യംവയ്ക്കുന്നു.

18. അപെക്സ് സംഘം ഉപയോഗപ്പെടുത്തി ആറളം ഫാമിലെ സപ്ലൈകോ ഔട്ട്ലെറ്റുകൾ, മൃഗാശുപത്രി, കൃഷിഭവൻ, മിൽക്ക് സൊസൈറ്റി കെട്ടിടങ്ങൾ അതത് വകുപ്പുകളുടെ സഹകരണത്തോടെ പ്രയോജനപ്പെടുത്തുക. ജലലഭ്യത പ്രയോജനപ്പെടുത്തി കേന്ദ്രീകൃത ജലസേചന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

19. എൻ ഊര് പദ്ധതി ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകൾ കൂടി ഉൾക്കൊള്ളിച്ച് സംസ്ഥാനത്തെ പ്രധാനപ്പെട്ട തദ്ദേശീയ കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ച് എത്തിക് ടൂറിസം ട്രാവൽ ടൂറിസം പദ്ധതിയായി വിപുലീകരിക്കുക.

20. സംസ്ഥാനത്ത് CMD വഴി വിവിധ നിർമ്മാണ ജോലികൾക്ക് പരിശീലനം നല്കിയ 85 ഗോത്ര ജീവിക സംഘങ്ങളെ സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് ഫെഡറേഷൻ രൂപീകരിക്കുക.

21. KIRTADS തയ്യാറാക്കിയിട്ടുള്ള തദ്ദേശീയ വൈദ്യൻമാരുടെ അറിവ് സംരക്ഷിക്കുന്നതിനും ഏകീകരിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പിലാക്കുക.

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

കേരളത്തിലെ ഗോത്രസമൂഹങ്ങളുടെ സംസ്കാരം, ഭാഷ, കലകൾ എന്നിവ സംരക്ഷിക്കുന്നതിനായി കിർടാഡ്സ് വകുപ്പ് നിരവധി പ്രധാനപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറിച്യർ, വെട്ടക്കുറുമർ, മലവേടൻ, മലവേട്ടുവൻ എന്നീ ഗോത്രവിഭാഗങ്ങളുടെ വാമൊഴി സാഹിത്യം, ഭാഷ, കലകൾ എന്നിവ രേഖപ്പെടുത്തി വകുപ്പ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ ഈ മേഖലയിലെ മികച്ച ചുവടുവെയ്പ്പാണ്.

മുഡുഗർ, കുറുമ്പർ, കാട്ടുനായ്ക്കൻ, പണിയൻ, കൊറഗർ, ഊരാളി, കാണിക്കാർ, അടിയാൻ എന്നീ ഗോത്രഭാഷകൾക്കായി വ്യാകരണഗ്രന്ഥങ്ങളും ഭാഷ പഠനസാമഗ്രികളും തയ്യാറാക്കിയിട്ടുണ്ട്. മുഡുഗർ, വെട്ടക്കുറുമർ, കുറിച്യർ, കാണിക്കാർ, കൊറഗർ, അടിയാൻ, മലയർ എന്നീ ഭാഷകളുടെ നിഘണ്ടുക്കളും കിർടാഡ്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗോത്രവിദ്യാർഥികളുടെ മാതൃഭാഷകളിൽത്തന്നെ പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിനായി പണിയൻ, കാട്ടുനായ്ക്കൻ എന്നീ ഭാഷകളിൽ പ്രൈമറുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രത്യേക ദുർബലഗോത്രവിഭാഗത്തിൽപ്പെടുന്ന കൊറഗർ, കുറുമ്പർ, ചോലനായ്ക്കർ, കാടർ എന്നീ ഗോത്രങ്ങൾക്കും മലൈപണ്ടാരം ഗോത്രവിഭാഗത്തിനും പ്രൈമറുകൾ പ്രസിദ്ധീകരിക്കുവാനുള്ള പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വിദ്യാർഥികൾക്ക് അവരുടെ മാതൃഭാഷകളിൽത്തന്നെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ഈ പദ്ധതികൾ നിർണ്ണായക പങ്ക് വഹിക്കുന്നു.

അതോടൊപ്പം വാമൊഴി സാഹിത്യസംരക്ഷണത്തിന്റെ ഭാഗമായി 20-ലധികം ഗോത്രസമൂഹങ്ങളിൽ നിന്നുള്ള പാട്ടുകൾ, കഥകൾ, മിത്തുകൾ തുടങ്ങിയവയും ശേഖരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ, വയനാട് ഗോത്രഭാഷ-കലാ കേന്ദ്രം പദ്ധതിയുടെ ഭാഗമായി ചോലനായ്ക്കൻ സമൂഹത്തിന്റെ ഭാഷ, സാഹിത്യം, പരമ്പരാഗത കലാരൂപങ്ങൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്ന പഠനം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനുള്ള ഒരുക്കത്തിലാണ് വകുപ്പ്. കാട്ടുനായ്ക്കൻ സമൂഹത്തിന്റെ ഭാഷ, ആചാരങ്ങൾ, കലാരൂപങ്ങൾ എന്നിവ രേഖപ്പെടുത്താനുള്ള പുതിയ പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. പട്ടികജാതി വികസനവകുപ്പിന്റെ ധനസഹായം ലഭ്യമാകുന്ന സാഹചര്യത്തിൽ പദ്ധതി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ